പ്രൈമറി സ്കൂൾ കെട്ടിടം

*ക ൦ ൦൭. (൩൭) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചേർത്തലത്താലൂക്കിലെ അനവധി ഗവൺമെണ്ടു പ്രൈമറി വിദ്യാലയ കെട്ടിടങ്ങൾ അപകടനിലയിൽ സ്ഥിതിചെയ്യുന്നു എന്നു ഗവൺമെണ്ടിലേക്കു വല്ല റിപ്പോർട്ടുകളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്തെല്ലാം സ്കൂളുകളെ സംബന്ധിച്ചാണു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇല്ല; എന്നാൽ വിദ്യാഭ്യാസ മേലധ്യക്ഷന്റെ അനേക്ഷണത്തിൽ ചില സ്കൂൾ കെട്ടിടങ്ങൾക്കു കേടുപാടുകൾ തീർക്കേണ്ടതായുണ്ടെന്നറിയപ്പെട്ടുകയും അതിലേക്കു സത്വരനടപടികൾ എടുത്തുകഴിയുകയും ചെയ്തിട്ടുണ്ടു്.

STIPEND TO TEACHERS

***1008.** [68] **C. V. Iyyu:** Will the Hon'ble Minister for Food and Education be pleased to answer:—

(*a*) whether the Government of the erstwhile Cochin State has issued an order No. E4-5186/24, dated 30th June 1949 stopping training stipends for private school teachers appointed (i) since reopening of schools in 1118 (ii) Sirkar School teachers appointed from 18th February 1948; and

(*b*) if so whether ex-servicemen who were in the Army or Government service or other Government servants who were in other Government departments other than Education or aided servicemen in the Education Department who were thrown out hands who entered Government Defence services or private service as the case may be, be exempt from this order?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) Yes.

(*b*) No.

നെല്ലെടുപ്പു്

*ക ൦ ൦൯. (൩൮) ശ്രീ. പി. കെ. കുമാരൻ ആശാരി. താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ വിഭാഗത്തു നെല്ലെടുപ്പു, ഉദ്ദ്യോഗപ്പെടുത്തുന്നതിനു ഗവൺമെണ്ടു കൈക്കൊണ്ടിട്ടുള്ള നടപടികൾ എവ;

(ബി) ഇതു സംബന്ധിച്ചു ഗവൺമെണ്ടു സ്വീകരിച്ചിട്ടുള്ള നയം എന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ടു്.

(൧) കർഷകരിൽനിന്നും ഗവൺമെണ്ടിലേക്കു കിട്ടേണ്ട നെല്ലു നിശ്ചയിക്കാനും ആവശ്യപ്പെടാനും സംഭരിക്കാനും ഒരു ശരിയായ അടിസ്ഥാനം വ്യവസ്ഥചെയ്തുകൊണ്ടു സംസ്ഥാനമൊട്ടുക്കു ബാധകവും സമഗ്രവുമായ നെല്ലു് (എടുക്കലും കൊണ്ടുപോകലും) നിയന്ത്രണ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly